ഷീലായനം

അമ്പത്തിയേഴാമത്തെ വയസ്സിലാണ് ഷീല അടുക്കളയിലിരുന്ന്, പുട്ടുകുറ്റിയിലേക്ക് നനഞ്ഞ അരിപ്പൊടിയിട്ടുകൊണ്ട് തന്റെ ജീവിതത്തിലെ സുപ്രധാനമായ ആ തീരുമാനമെടുക്കുന്നത് — ഷഷ്ടിപൂർത്തി ആഘോഷിച്ച് മാസങ്ങൾ മാത്രമായ ഭർത്താവിനെയും വിവാഹിതരായ രണ്ടാൺമക്കളെയും ഉപേക്ഷിക്കുകയാണ്...

'ഡിവോഴ്സ്' എന്ന വാക്ക് നാട്ടിൻപുറത്തെ ആ ചെറിയ വീട്ടിൽ വെള്ളിടി വെട്ടിയതുപോലെ മുഴങ്ങി. ഭർത്താവായ മധുസൂദനൻ നായർക്ക് ഭാര്യ പറഞ്ഞത് തീരെ മനസ്സിലായില്ല. അവളെന്തോ പറഞ്ഞു, എന്നെത്തെയുംപോലെ ഇന്നും അവൾ പറഞ്ഞ കാര്യത്തിന് അയാൾ മുഖവില കൊടുത്തില്ല.

'ഡിവോഴ്സോ, നിനക്ക് സുഖല്യാണ്ടായോ?' അയാൾ തമാശരൂപേണ ചോദിച്ചു.

"ഞാൻ കാര്യായി പറഞ്ഞതാ. പതിനെട്ടു വയസ്സുമുതൽ കാണുന്നതാ ഞാൻ ഈ വീട്. അതിനും രണ്ടു വർഷം മുമ്പേ തുടങ്ങീതാ നിങ്ങളോടുള്ള അടുപ്പം. എനിക്കിത് മതിയായി."

"എന്താ നിനക്ക് മതിയായത് ഷീലേ? നമ്മുടെ തറവാട്ടു മഹിമയാണോ നിനക്ക് മതിയായത്? ഇപ്പോഴത്തെ ചെല പരിഷ്കാരി പെണ്ണുങ്ങളെപ്പോലെ കയറും പൊട്ടിച്ച് ഓടണംന്നാണോ നീ പറയണേ?

"എന്നെ മധുവേട്ടൻ കെട്ടിയിട്ടേക്കുവാണോ അതിന്, കയറും പൊട്ടിച്ചോടാൻ?"

ഭാര്യയുടെ പതിവില്ലാത്ത ചില വർത്തമാനങ്ങൾ കേട്ട് മധുസൂദനന് അരിശം വന്നു.

"നിന്നെ കെട്ടിക്കൊണ്ട് വന്നത് ഞാനല്ലേ? ആ താലിയല്ലേ നിന്റെ കഴുത്തിൽ കെടക്കണത്? നിന്റെ അച്ഛൻ തന്ന പണ്ടോ പണോ ഞാൻ ന്റെ കയ്യോണ്ട് എടുത്തിട്ടൊണ്ടോ ഷീലേ?"

അയാൾക്ക് ഭാര്യയെ തീരെ മനസ്സിലായില്ല. അച്ഛനും അമ്മയും തമ്മിലുള്ള പതിവില്ലാത്ത ഒച്ചപ്പാട് കേട്ട് ഓഫീസിൽ പോകാൻ ഒരുങ്ങിക്കൊണ്ടിരുന്ന ഇളയ മകന്റെ ഭാര്യ സുചിത്ര അടുക്കളയിലേക്ക് വന്നു. അവൾ വന്നപ്പോൾ രണ്ടുപേരും നിശബ്ദരായി.

"എന്താമ്മേ, എന്താ പെട്ടെന്ന്?"

"പെട്ടെന്നല്ല, നന്നായി ആലോചിച്ചുതന്നെയാ."

ഷീലയുടെ മറുപടി കേട്ട് സുചിത്ര എന്തുണ്ടായി എന്ന് അച്ഛന്റെ നേരെ പുരികമുയർത്തി നോക്കി.

"വയസാംകാലത്ത് ഓരോ പ്രാന്ത്, അല്ലാതെന്ത്?!" മധുസൂദനൻ പിറുപിറുത്തുകൊണ്ട് തിരിഞ്ഞു നടന്നു.

'അമ്മേ നമുക്ക് വൈകീട്ട് സംസാരിക്കാം' എന്നുംപറഞ്ഞ് സുചിത്ര ഓഫീസിലേക്ക് പോകാനുള്ള തിരക്കിലേക്ക് മടങ്ങി.

കാടിവെള്ളവുമെടുത്ത് ഷീല അമ്മിണിപ്പശുവിന്റെ അരികിലേക്ക് നടന്നു.

"കുടിച്ചോ, വയറുനിറയെ കുടിച്ചോ അമ്മിണിക്കുട്ടി. അമ്മ പോകുവാ."

പശുവിനോട് സംസാരിക്കുന്നതിനിടയിൽ ഷീല തൊടി മുഴുവൻ ഒന്നുനോക്കി. മാവ് പൂത്തുതുടങ്ങി. സാധാരണ കണ്ണിമാങ്ങകൾ ഉണ്ടാവുമ്പോൾ അതു പറിച്ചെടുത്ത് ഭരണിയിൽ ഉപ്പിട്ട് വയ്ക്കാറുള്ളതാണ്. പിന്നെ അച്ചാറും. ഷീലയുടെ ഉപ്പുമാങ്ങഅച്ചാറിന് ആരാധകർ ഒരുപാടുണ്ട്. അയൽവക്കത്തെ കുഞ്ഞാമിനയാണ് അതിൽ മെയിൻ. കുഞ്ഞാമിന കുട്ടികളെപ്പോലെയാണ്. ഷീലയും കുഞ്ഞാമിനയും ഒരേപ്രായമാണ്. രണ്ടുപേരും ഒരേപ്രായത്തിൽ വിവാഹിതരായവർ. നാട്ടിലെ 'പെൺവായന' ക്ലബ്ബിൽ ഇരുവരും അംഗങ്ങളാണ്. കാഴ്ചശക്തി കുറഞ്ഞു തുടങ്ങിയ കണ്ണുകൾ ഇറുക്കിയടച്ചും തുറന്നുമാണ് കുഞ്ഞാമിന വായിക്കുന്നത്. കുഞ്ഞാമിനയുടെ വായന കേട്ട് എല്ലാവരും ഉറക്കെച്ചിരിക്കും. വായിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും കുഞ്ഞാമിന 'പെൺവായന' യ്ക്ക് എല്ലാ ശനിയാഴ്ചയും വരുന്നത് മുടക്കില്ല. വായിക്കുമ്പോൾ എന്തോ ഹൃദയത്തിൽ വിരിഞ്ഞുവരുംപോലെയാണ് കുഞ്ഞാമിനയ്ക്ക് -- ഒരു റോസാപ്പൂ വിരിയുംപോലെ. അവൾ അത് ബാക്കി പെണ്ണുങ്ങളോട് പറയും. റോസാപ്പൂ വിരിയുന്നത് രണ്ടുകൈകൾകൊണ്ടും ആംഗ്യം കാണിക്കുന്നതുകണ്ട് പെണ്ണുങ്ങൾ പൊട്ടിച്ചിരിക്കും.

"ഈ താത്ത വൻ കോമഡിയാ." കൂട്ടത്തിൽ ഏറ്റവും ഇളയവളായ ജിസ പറയും.

ഷീല 'പെൺവായന' യ്ക്ക് പോകുന്നത് അമ്പലത്തിൽ പോകുമ്പോലെയാണ്.
'നിർമ്മാല്യവും കഴിഞ്ഞ് നേദ്യവും കഴിഞ്ഞ് ഉച്ചപൂജയും കഴിഞ്ഞേ അവൾ വീട്ടിൽ കയറൂ' എന്ന് മധുസൂദനൻ നായർ പറയാറുണ്ട്.

'അല്ലെങ്കിലും പെണ്ണുങ്ങൾക്ക് അത്യാവശ്യം ഫ്രീഡം കൊടുക്കുന്ന ഫാമിലിയാണ് ഷീലാമ്മയ്ക്കുള്ളത്.' ജിസ വാ പൊത്തിച്ചിരിച്ചുകൊണ്ട് കളിയാക്കി.

ആദ്യമൊക്കെ ഈ കുട്ടി എന്താ ഈ പറയുന്നതെന്ന് ഷീലയ്ക്ക് മനസ്സിലായില്ല. എനിക്ക് ഭർത്താവും മക്കളും ആവശ്യത്തിൽകൂടുതൽ സ്വാതന്ത്ര്യം തരുന്നുണ്ടല്ലോ എന്നാണ് ഷീല ചിന്തിച്ചത്. നാട്ടിലെ മറ്റു പെണ്ണുങ്ങളെപ്പോലെയല്ല തന്റെ ജീവിതം എന്ന് സ്വയം സമർത്ഥിക്കാനൊരു ശ്രമം നടത്തുന്നതിനിടയിലാണ് ഇബ്സന്റെ 'എ ഡോൾസ് ഹൗസ്' എന്ന നാടകം ഷീല വായിക്കുന്നത്. മൂന്നു നാലു മാസങ്ങൾകൊണ്ടാണ് ഷീല ആ പുസ്തകവായന പൂർത്തിയാക്കിയത്. ജിസയോട് ഒരായിരം സംശയങ്ങൾ ചോദിച്ചു, അവൾ മടികൂടാതെ എല്ലാത്തിനും ക്ഷമയോടെ ഉത്തരം പറഞ്ഞു. പതിയെപ്പതിയെ ആ നാടകത്തിലെ നോറയോട് വല്ലാത്ത സ്നേഹമായി ഷീലയ്ക്ക്. തന്റെ ഇരുപതുകളിൽ വായിക്കേണ്ട, അറിയേണ്ട കഥയായിരുന്നു നോറയുടേതെന്ന് ഷീലയ്ക്കുതോന്നി. അവളുടെ ധൈര്യത്തോട് ഭയം തോന്നി, ആരാധന തോന്നി.

"അന്നൊക്കെ വീട്ടിൽ നിന്നും ഇറങ്ങിപ്പോകാൻ പെൺകുട്ടികൾക്കൊക്കെ നല്ല ധൈര്യാല്ലേ?" ഷീല ഒരിക്കൽ ജിസയോട് ചോദിച്ചു.

"ഏയ്, ധൈര്യത്തിന്റെയല്ല ഷീലാമ്മ, ചില പെണ്ണുങ്ങൾക്ക് ചില കാലങ്ങളിൽ അങ്ങനെയുള്ള വെളിപാടുകളുണ്ടാകും. അപ്പോൾ അവർ എല്ലാവരെയും ഉപേക്ഷിച്ച് പോകും."

"കുട്ടികൾ ഉണ്ടെങ്കിലും പോകുമോ അങ്ങനെ?"

"പോകും." ജിസ ഉറപ്പിച്ചു പറഞ്ഞു.
അങ്ങനെയാണ് പെണ്ണുങ്ങളുടെ സത്യങ്ങളെക്കുറിച്ചൊക്കെ ഷീല അറിഞ്ഞു തുടങ്ങുന്നത്. സുചിത്ര ഗർഭിണിയാണ് എന്നറിഞ്ഞപ്പോൾ തനിക്ക് കുഞ്ഞിനെ കാണാതെ അങ്ങനെ ഇറങ്ങിപ്പോകാൻ കഴിയുമോ എന്ന് ഷീല ചിന്തിച്ചു. കുളപ്പടവിൽ തുണിയിൽ സോപ്പ് തേച്ചുരയ്ക്കുന്നതിനിടയിൽ കുഞ്ഞാമിനയോട് ഷീല ആ ചോദ്യമെറിഞ്ഞു.

"നിന്റെ മോന്റെ കുഞ്ഞിനെ കാണാതെ നിനക്ക് ജീവിക്കാൻ കഴിയുവോ ആമിനേ?"

ഷീലയുടെ ചോദ്യം കേട്ട് ചിരിയടക്കാനാവാതെ കുഞ്ഞാമിന പറഞ്ഞ ഉത്തരം കേട്ട് രണ്ടുപേരും വാ പൊളിച്ചു.

"എനിക്ക് പോകാൻ തോന്നിയാ ഞാൻ പോകും. എങ്ങോട്ടാന്നുവച്ചാ പോകും."

"അപ്പോ നിനക്കും മോഹണ്ട് ല്ലേ? മാധവിക്കുട്ടിയെപ്പോലെയാകാൻ?"

"യ്ക്ക് മോഹണ്ട്. എല്ലാ പെണ്ണുങ്ങക്കുമുണ്ട്." കുഞ്ഞാമിന ചെത്തിപ്പഴം പൊട്ടിച്ചെടുത്ത് ചവച്ചുകൊണ്ട് വിദൂരതയിലേക്കുനോക്കി.

"നീ കൊള്ളാല്ലോഡി പെണ്ണേ." ഷീലയ്ക്ക് അത്ഭുതം അടക്കാനായില്ല.

"ആർക്കാ ഈ അമ്മേം അമ്മൂമ്മേം ആയി ജീവിക്കാൻ ആഗ്രഹം ഷീലേ. യ്ക്ക് പറ്റീരുന്നെങ്കി ഞാൻ ഈ ലോകം മൊത്തം അലഞ്ഞുതിരിഞ്ഞു നടന്നേനെ."

താൻ ജീവിക്കാത്ത ഒരു ജീവിതത്തിന്റെ വാങ്മയചിത്രം മനസ്സിൽ സങ്കല്പിച്ചുകൊണ്ട് കുഞ്ഞാമിന പുഞ്ചിരിച്ചു.

"നീ വേറെ ജീവിതം ആയിരുന്നെങ്കിൽ എങ്ങനെ ജീവിച്ചേനെ പെണ്ണേ?"

"ഞാൻ ഒരിക്കലും കല്യാണം കഴിക്കില്ല. ഞാൻ യ്ക്ക് ഇഷ്ടോള്ള ആണുങ്ങളോട് ചുമ്മാ മിണ്ടും. പക്ഷെങ്കില് അവരടെ പൊരേല് പോകൂല്ല. തിന്നാൻ ഒന്നും ഒണ്ടാക്കില്ല."

അതുംപറഞ്ഞ് കുഞ്ഞാമിന നെടുനിശ്വാസമുതിർത്തു. എന്തിനാണ് നമ്മളൊക്കെ ആരോ ഉണ്ടാക്കിവച്ച ഒരു കൂട്ടിൽ ജീവിക്കുന്നത് എന്നായിരുന്നു അന്നുമുഴുവൻ ഷീലയുടെ ചിന്ത. എന്നുംരാവിലെ എഴുന്നേറ്റ് പാചകം ചെയ്യുന്നതും എല്ലാവരെയും സന്തോഷിപ്പിക്കുന്നതും - ഒന്നും വേണ്ടിയിരുന്നില്ല. വീട്ടിലെ എല്ലാ ജോലിക്കും മധുവേട്ടൻ കൂടെയുണ്ടെങ്കിലും ഇതൊക്കെ എന്തിനാണ്?

ആർത്തവവിരാമം ആയതിനുശേഷം ചില പെണ്ണുങ്ങൾക്ക് ഇത്തരത്തിൽ ജീവിതത്തോട് ഒരു വിരക്തി ഉണ്ടാകാറുണ്ടെന്ന് പെൺവായനയിലെ ആയുർവേദഡോക്ടർ കൗസല്യ പറഞ്ഞു.

"ഗാർഹസ്ഥ്യം കഴിഞ്ഞു നമ്മൾ സന്ന്യാസത്തിലേക്ക് പോണം. ബന്ധങ്ങളും ബന്ധനങ്ങളും ഉപേക്ഷിക്കണം. ഇഷ്ടോള്ള പോലെ മൃഗങ്ങളുടേം പക്ഷികളുടേം കൂടെ ജീവിക്കണം. പക്ഷേ നമ്മുടെ നാട്ടിൽ ഒന്നുകഴിയുമ്പോ അടുത്ത റോൾ അപ്പോഴേക്കും തലേൽ ആക്കുവല്ലോ."

ആത്മീയതയോട് ആസക്തിയുള്ള ഡോക്ടർ കൗസല്യ പറഞ്ഞത് ശരിയാണെന്ന് ഷീലയ്ക്കുതോന്നി.

"രണ്ടാൺമക്കളെ വളർത്തി വലുതാക്കി. എനിക്കിനി കുട്ടികളെ വളർത്തണ്ട. എനിക്ക് അമ്മിണിക്കുട്ടീടെ കൂടെ ഒരു പൂന്തോട്ടം ഉണ്ടാക്കി ജീവിക്കാനാ മോഹം."

ഷീല പറഞ്ഞതുകേട്ട് കൗസല്യ സ്നേഹത്തോടെ ഷീലയുടെ മുടിയിലൂടെ വിരലോടിച്ചു.

"എങ്കി നിനക്ക് എന്റെ വീട്ടിലേക്ക് വന്നൂടെ? മക്കളൊക്കെ വെളീൽ. അങ്ങേര് മരിച്ചു മണ്ണടിഞ്ഞു. നിനക്ക് അങ്ങോട്ട് വരാല്ലോ ഷീലേ."

ഷീല ധ്യാനിക്കുംപോലെ കണ്ണുകളടച്ച് ഏറെ നേരമിരുന്നു.

'ഒരു പെണ്ണിന്, കാമുകിയാകാം, ഭാര്യയാകാം, അമ്മയാകാം, അമ്മൂമ്മയാകാം അല്ലെങ്കിൽ ഒരു സന്യാസിനിയാകാം, പൂന്തോട്ടക്കാരിയാകാം, മൃഗങ്ങളെ പരിപാലിക്കുന്നവളാകാം, എഴുത്തുകാരിയാകാം, നർത്തകിയാകാം..

"... ചിത്രം വരയ്ക്കുന്നവളാകാം." ജിസ ഒപ്പം പറഞ്ഞു.

" നാട് വൃത്തിയാക്കുന്നവളാകാം. " മുനിസിപ്പാലിറ്റി ജൂപ്പുകാരിയായ ജയശ്രീ അഭിമാനത്തോടെ പറഞ്ഞു.

"ഹരിതകർമ്മസേനാംഗമാകാം."

കൂടെ രാജി മുടി കോതിക്കെട്ടിക്കൊണ്ടു കൂട്ടിച്ചേർത്തു.

അങ്ങനെ ആരുമാകാല്ലോ. ഷീല പറഞ്ഞതിനോട് എല്ലാവരും യോജിച്ചു.

"യ്ക്ക് ഒറ്റയ്ക്ക് ആയാ മതി. ഒറ്റയ്ക്കിരുന്ന് എനിക്ക് നിറയെ ഇളയരാജേടെ പാട്ട് കേക്കണം." കുഞ്ഞാമിന അവളുടെ സ്ഥിരം ശൈലിയിൽ പറഞ്ഞുകൊണ്ടെഴുന്നേറ്റു.

"പക്ഷേങ്കില് നടുവേദന വന്നാ എന്താ ചെയ്യാ. ആര് നോക്കും നമ്മളെ?" നടുവിന് കൈയും കുത്തിനിന്ന് ചുളിഞ്ഞ മുഖത്തോടെ കുഞ്ഞാമിന എല്ലാരോടുംകൂടെയായി ചോദിച്ചു.

"ഇപ്പോ ആരെങ്കിലും നോക്കണ്ടോ നിന്നെ?" ഡോ കൗസല്യ ചോദിച്ചതുകേട്ട് കുഞ്ഞാമിന മുഖം താഴ്ത്തി.

"അപ്പത്രേയുള്ളൂ നമ്മടെ കാര്യങ്ങള്."

'പെൺവായന'യിൽ നിന്നു വന്നതിൽപിന്നെ ഷീലയ്ക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. എപ്പോഴും താനിവിടെയില്ല, മറ്റെവിടെയോ ആണെന്ന തോന്നൽ. തന്റെ ഇളം പ്രായത്തിൽ എവിടെയോ നിൽക്കുകയാണ് ഷീല. ഭാര്യയോ അമ്മയോ ഒന്നുമാകാതെ - ഒറ്റയ്ക്ക്.

അമ്മിണിയോട് സംസാരിച്ചുനിൽക്കുന്ന ഷീലയെ അന്വേഷിച്ച് മധുസൂദനൻ വന്നു.

"വല്യളിയനെ ഒന്ന് കാണാൻ പോയാലോ ഷീലേ. ഏട്ടനെ കാണമ്പോ നിനക്കും ഒരു സന്തോഷാവും."

"ഞാൻ എങ്ങോട്ടൂല്യ മധുവേട്ടാ. എനിക്കായി അവിടെന്താ ള്ളത്?"

മധുസൂദനൻ ഷീലയെ പഠിക്കുംപോലെ നോക്കി.

"അല്ലാ, ന്താ നിന്റെ പ്രശ്നം? എപ്പോ നോക്കിയാലും ഒരു ബുക്ക് വായന. സുചിത്ര ഗർഭിണി ആയിരിക്യാന്നുള്ള കാര്യം പോലും നീ ഇടയ്ക്ക് മറക്കുവാ ഷീലേ. ആ കുട്ടീടെ വീട്ടുകാർ എന്താ വിചാരിക്യാ."

"അവനല്ലേ അവളെ കെട്ടീത്. അവൻ നോക്കിക്കോളും."

മധുസൂദനന് ദേഷ്യം ഇരച്ചുകയറി.

"നമ്മക്ക് ഒരു കടമയില്ലേ ഷീലേ, മൂത്ത മരുമോൾക്ക് ചെയ്തുകൊടുത്തപോലെ ഇവൾക്കും ചെയ്തുകൊടുക്കണ്ടേ നമ്മള്? അതല്ലേ നാട്ടുനടപ്പ്?"

"എനിക്കൊരു നാട്ടുനടപ്പും അനുസരിക്കാൻ വയ്യ. എനിക്കിനി ഡിവോസ് മതി." ഷീല തീർത്തു പറഞ്ഞു. മധുസൂദനന്റെ കണ്ഠമിടറി.

"നിന്റെ ബുക്ക് വായനയാ എല്ലാത്തിനും കാരണം. ജീവിതം വേറെ, കഥ വേറെ ഷീലേ."

"നിങ്ങള് പറയുന്നതൊക്കെ വിശ്വസിക്കുന്ന ഒരു പെണ്ണ് ഉണ്ടായിരുന്നു പണ്ട്, മധുവേട്ടാ. അവള് ഇപ്പോ ഇല്ല." ഷീല അതുപറയുമ്പോൾ മധുസൂദനൻ അവളുടെ താലിയിലേക്ക് നോക്കി. ആ നിമിഷം തന്നെ താലിമാലയൂരി ഷീല ഭർത്താവിന്റെ കൈയിൽ വച്ചുകൊടുത്തു.

"ഇതാ നിങ്ങടെ കെട്ട്."

മധുസൂദനൻ തരിച്ചു നിന്നു.

"അമ്മിണിയെ ഇവിടെ വിട്ടു പോകാന്ന് ഓർത്തതാ. വേണ്ട, പെണ്ണല്ലേ.. എന്റെ കൂടെ പോന്നോട്ടെ."

അമ്മിണിയുടെ കയറൂരിഎടുത്തുകൊണ്ട് ഷീല വീടു വിട്ടു നടന്നു.